**ഇഎ2/30412/23/ഡി.ടി.ഇ നമ്പർ മേലെഴുത്ത് തീയതി : 07.08.2023**

2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന "കേരളോത്സവം"-ൽ പങ്കെടുക്കുന്നതിന് എല്ലാ സർക്കാർ വകുപ്പുകൾ,അർദ്ധ സർക്കാർ പൊതു മേഖല സ്ഥാപനങ്ങൾ,യൂണിവേഴ്സിറ്റികൾ, ഇൻസ്റ്റിറ്റ്യൂഷൻസ്,സഹകരണ സ്ഥാപനങ്ങൾക്കും അനുമതി നൽകി കൊണ്ടുള്ള സർക്കാർ ഉത്തരവ് വകുപ്പിന് കീഴിലെ എല്ലാ ഓഫീസ് / സ്ഥാപന മേധാവികളുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായും ഉള്ളടക്കം ചെയ്യുന്നു.

Approval Valid

Digitally Approved By
Mansoor A
Date: 07.08.2023
Reason: Approved

Draft #1 of File EA2/30412/23/DTE Approved by Administrative Assistant on 07-Aug-2023 03:20 PM - Page 1

The document is digitally approved. Hence signature is not needed.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

OFFICE OF THE COLLECTOR OF ... 6 JUL 2023

സംഗ്രഹം

പൊതുഭരണ വകുപ്പ്- 2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സെമിനാറുകളും അനുബന്ധ പരിപാടികളുമായി **"കേരളോത്സവം"** സംഘടിപ്പിക്കുവാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ഏകോപനം) വകുപ്പ്

സ.ഉ.(കൈ) നം.114/2023/GAD തീയതി,തിരുവനന്തപുരം, 13-07-2023

ഉത്തരവ്

ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ കഴിയും വിധം **2023 നവംബർ 1 മുതൽ** 7 വരെ തിരുവനന്തപുരത്ത് സെമിനാറുകളും അനുബന്ധ പരിപാടികളുമായി **"കേരളോത്സവം"** സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കേരളോത്സവം സംഘടിപ്പിക്കുന്നതിനുള്ള മേൽനോട്ടം ബഹു ധനകാര്യ വകുപ്പ് മന്ത്രി ചെയർമാനായും ബഹു റവന്യൂ, വ്യവസായം, ടൂറിസം, സാംസ്കാരികം, വിദ്യാഭ്യാസം, ഗതാഗതം, കൃഷി,ഭക്ഷ്യം, തദ്ദേശസ്വയംഭരണം തുടങ്ങിയ മന്ത്രിമാർ അംഗങ്ങളുമായ ഉപസമിതിയെയും കൂടാതെ സെമിനാറുകൾക്കായി വിവിധ വകുപ്പുകളെ സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായും വിവിധ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായിട്ടുമുള്ള ഉന്നതല ഉദ്യോഗസ്ഥ സമിതിയേയും രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംസ്ഥാനത്തിന്റെ കല-സംസ്കാരം, തൊഴിൽ, ഇ-ഗവേണൻസ് പ്രവർത്തന മികവുകൾ കാർഷിക ഭക്ഷ്യ/വ്യവസായ/സഹകരണ/ വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെ നേട്ടങ്ങൾ ലോക ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് കഴിയും വിധം ബഹുജന പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് കേരളോത്സവം സംഘടിപ്പിക്കുവാൻ സർക്കാർ വകുപ്പുകൾ, അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, ഇൻസ്റ്റിറ്റ്യൂഷൻസ് , സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് പെർമിസീവ് സാംഗ്ഷൻ നൽകിക്കൊണ്ടും ഉത്തരവാകുന്നു.

സെമിനാറിനായി പരിഗണിക്കുന്ന വിഷയങ്ങൾ, സംഘാടനം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി,സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്കും

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യ ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശൂർ
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശൂർ
രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി, ക്യാമ്പസ് ഓഫീസ്, പൂക്കോട്, വയനാട്
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, പനങ്ങാട്
പൊതുഭരണ(എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
Date: 14-07-2023 10:46:17
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്കും
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്

**അനുബന്ധം**

സെമിനാറിനായി പരിഗണിക്കുന്ന വിഷയങ്ങൾ :

1) കാർഷികരംഗം [കാർഷിക മേഖലയിലെ പുതിയ ഇടപെടലുകൾ (കടാശ്വാസം, കാർഷികോൽപ്പാദന വർദ്ധന, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം മുതലായവ), കാർഷിക മേഖല കൈവരിച്ച നേട്ടങ്ങൾ, കാർഷിക സർവ്വകലാശാല]
2) ഫിഷറീസ് മേഖല (ഫിഷറീസ് മേഖലയിലെ പുതിയ ഇടപെടലുകൾ,പുതിയ സാധ്യതകൾ, ഫിഷറീസ് യൂണിവേഴ്സിറ്റി)
3) ക്ഷീരമേഖലയുടെ സ്വയംപര്യാപ്തത -പ്രശ്നങ്ങൾ, പുതിയ വികസന സാധ്യതകൾ)
4) ഭൂപരിഷ്കരണം-ചരിത്ര പശ്ചാത്തലം, നേട്ടങ്ങൾ, സമകാലിക ഭൂപ്രശ്നങ്ങൾ, ഫലപ്രദമായ ഭൂവിനിയോഗത്തിനായുള്ള നിർദ്ദേശങ്ങൾ.
5) സഹകരണ മേഖല - നേരിടുന്ന വെല്ലുവിളികൾ, സാധ്യതകൾ
6) വ്യവസായം (സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ, ആധുനിക വ്യവസായം)
7) ഐടി മേഖലയിലെ പുരോഗതി - പുതിയ ഐടി പാർക്കുകൾ - കേരളത്തിന്റെ സാധ്യതകൾ
8) ടൂറിസം [കേരളത്തിന്റെ ടൂറിസം (ആയുർവ്വേദം, പരമ്പരാഗത ആരോഗ്യസേവനം ഉൾപ്പെടെ) സാധ്യതകൾ
9) തൊഴിൽ മേഖല (കേരളം നേടിയ വളർച്ചയിൽ തൊഴിലാളികളുടെ പങ്ക്)
10) കുടിയേറ്റം (കേരളത്തിനകത്തേക്കും പുറത്തേക്കുമുള്ള കുടിയേറ്റം, പ്രശ്നങ്ങൾ, തുടർന്ന് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഇടപെടലുകൾ ആവശ്യമായ മേഖലകൾ)
11) പട്ടികജാതി-പട്ടികവർഗ്ഗ മേഖല (നേരിടുന്ന പ്രശ്നങ്ങൾ - പരിഹാര മാർഗ്ഗങ്ങൾ, നടത്തിയ ഇടപെടലുകൾ)
12) പൊതുവിദ്യാഭ്യാസം (പ്രീ-പ്രൈമറി, പ്രൈമറി, സെക്കന്ററി)
13) ഉന്നതവിദ്യാഭ്യാസം (യൂണിവേഴ്സിറ്റികളുടെ ശാക്തീകരണം, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാലോചിതമാക്കൽ, മെഡിക്കൽ വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, ഡിജിറ്റൽ മേഖല / ഡിജിറ്റൽ യൂണിവേഴ്സിറ്റി)-ദേശീയ-അന്തർദേശീയ നിലവാരമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായുള്ള സഹകരണ സാധ്യതകൾ.
14) പൊതുജനാരോഗ്യം (നേട്ടങ്ങൾ, സാധ്യതകൾ, ആരോഗ്യ ടൂറിസം, ഗവേഷണ സാധ്യതകൾ, ആരോഗ്യ സർവകലാശാല)
15) ജനസൗഹൃദ ഗവേർണൻസ് (കേരളത്തിലുണ്ടായ മാറ്റം, ഇനിയും നേടേണ്ട പുരോഗതി, ഭരണനടപടികൾ സമൂഹത്തിന്റെ അടിത്തട്ടിലുളളവർക്ക് എളുപ്പത്തിൽ പര്യാപ്തമാക്കൽ)
16) പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം (അധികാര വികേന്ദ്രീകരണം ശരിയായ ദിശയിൽ നടപ്പിലാക്കിയതിന്റെ പ്രത്യേകത, ഇപ്പോൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള വഴി)

17) കേരളത്തിന്റെ സമ്പദ്ഘടനയും സാമ്പത്തിക വളർച്ചയും - പ്രശനങ്ങൾ, ഭാവിയിലേക്കുള്ള സാധ്യതകൾ

18) നവകേരളത്തിനായുള്ള കാഴ്ചപ്പാട്

**<u>സംഘാടനം</u>**

- ആദ്യ ദിവസം ഉദ്ഘാടനം - അംബാസിഡർമാരും മറ്റു പ്രതിനിധികളും പങ്കെടുക്കുന്ന സെമിനാർ. ഏഴാമത്തെ ദിവസം നവകേരള കാഴ്ചപ്പാട് അവതരിപ്പിക്കൽ. ഉദ്ഘാടനത്തിനും സമാപനത്തിനും വിപുലമായ പങ്കാളിത്തത്തിന് സൗകര്യമുള്ള വേദിയൊരുക്കണം.
- നവംബർ 2 മുതൽ 6 വരെ ദിവസങ്ങളിൽ നടക്കുന്ന സെമിനാർ പരിപാടി (അക്കാദമിക സെഷൻ) ഒരു വേദിയിൽ ഒരു തീം എന്ന നിലയിൽ മൂന്ന് വേദികളിലായി ഓരോ ദിവസവും മൂന്ന് തീമുകൾ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്നതാവും ഉചിതം. ബന്ധപ്പെട്ട വകുപ്പിന്റെ നേതൃത്വത്തിലുള്ള സംഘാടകസമിതി ഓരോ സെമിനാറിനും ഉണ്ടാകണം. ഓരോ സെമിനാറിലും ആ മേഖലയിലുള്ളവരെ സംസ്ഥാനാടിസ്ഥാനത്തിൽ പങ്കെടുപ്പിക്കണം. ബന്ധപ്പെട്ട വകുപ്പും ആ മേഖലയിലെ സംഘടനകളും സെമിനാർ വിജയിപ്പിക്കാൻ വിശദമായ രൂപ രേഖ തയ്യാറാക്കണം. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രധാനപ്പെട്ട വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവയുടെയും പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുന്നുവെന്ന് ഉറപ്പാക്കണം. സെമിനാർ ഹാളിന്റെ വിസ്തൃതിക്കനുസരിച്ചായിരിക്കണം പങ്കാളിത്തം. ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.
- ഓരോ സെമിനാറിലും അതത് രംഗത്തെ വിദഗ്ധരുടെ പ്രാതിനിധ്യം ഉറപ്പാക്കണം. ഇതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന്ശാസ്ത്രജ്ഞർ, അക്കാദമിക് പണ്ഡിതർ, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച നോബൽ സമ്മാന ജേതാക്കൾ ഉൾപ്പെടെയുള്ള പ്രതിഭകൾ, കേരളീയർ ധാരാളമായി പാർക്കുന്ന, നമ്മുടെ സമൂഹവുമായി അടുത്ത സുഹൃദ്ബന്ധം പുലർത്തുന്ന രാജ്യങ്ങളിലെ അംബാസഡർമാർ എന്നിവരെ ഉൾപ്പെടെ പങ്കെടുപ്പിക്കണം. ഒപ്പം ദേശീയ തലങ്ങളിൽ പ്രശസ്തരായവരെയും ഉൾപ്പെടുത്തേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും മാധ്യമ പ്രതിനിധികളും ഉൾപ്പെടെ ഏതാണ്ട് 200 മുതൽ 300 വരെ വിദഗ്ധരെ പരിഗണിക്കാവുന്നതാണ്. ഇതിനായി നേരത്തെ രജിസ്ട്രേഷൻ സംവിധാനം ഒരുക്കുകയും രാജ്യത്തെ എല്ലാ സർവകലാശാലകളിലേക്കും കോളേജുകളിലേക്കും ഇതര അക്കാദമിക-ഗവേഷണ സ്ഥാപനങ്ങളിലേക്കും അറിയിപ്പ് എത്തിക്കുകയും വേണം.
- മുഖ്യ പരിപാടിയുടെ മുന്നോടിയായി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് (ബീറ്റ്) പ്രവർത്തിക്കുന്ന രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മാധ്യമ പ്രവർത്തകരെ പ്രത്യേകം തെരഞ്ഞെടുത്ത് കേരളത്തിലേക്ക് കൊണ്ടു വരികയും അവരവരുടെ മേഖലകളിലെ സ്ഥാപനങ്ങൾ സന്ദർശിക്കാൻ അവസരമൊരുക്കി (ഫീൽഡ് വിസിറ്റ്) പ്രത്യേക ഫീച്ചറുകൾ പ്രസിദ്ധീകരിക്കാൻ അവസരമൊരുക്കുകയും ചെയ്യാവുന്നതാണ്. ഈ മാധ്യമ

പ്രവർത്തകർക്ക് ഡെലിഗേറ്റായി അക്കാദമിക സെഷനുകളിൽ പങ്കെടുക്കാനും റിപ്പോർട്ടിംഗിനും അവസരം നൽകുകയും ചെയ്യാവുന്നതാണ്.

- അന്താരാഷ്ട്ര തലത്തിലെ വിദഗ്ദ്ധർക്ക് എത്രയും പെട്ടെന്ന് ക്ഷണക്കത്ത് നൽകി പങ്കാളിത്തം ഉറപ്പാക്കണം. അന്താരാഷ്ട്ര ടൂറിസം ഓപ്പറേറ്റർമാർക്ക് ഇത് സംബന്ധിച്ച അറിയിപ്പ് നേരത്തെ നൽകേണ്ടതുമാണ്.
- പരാതികൾക്കിടവരുത്താതെ കേരള സമൂഹത്തിന്റെ പൊതുവികാരം പ്രതിഫലിപ്പിക്കുന്ന ഒന്നായി പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതും സംഘാടനമികവ് പ്രകടമാക്കേണ്ടതുമാണ്
- അക്കാദമിക സെഷന്റെ ആസൂത്രണത്തിൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കേണ്ടതാണ്.
- തിരുവനന്തപുരം നഗരം പൂർണ്ണമായും ഉത്സവ പ്രതീതിയുണർത്തും വിധം നിയമസഭ, മാനവീയം വീഥി, വെള്ളയമ്പലം, പാളയം, പബ്ലിക്ക് ഓഫീസ്, യൂണിവേഴ്സിറ്റി കോളേജ്, സെക്രട്ടേറിയറ്റ്, വികാസ് ഭവൻ എന്നിവിടങ്ങളിലെ സർക്കാർ ഓഫീസുകൾ കൂടി ഉത്സവത്തിന്റെ ഭാഗമാക്കാവുന്നതാണ്. ഈ മേഖല യിലെ വിവിധ സ്ഥാപനങ്ങൾ, സ്റ്റേഡിയങ്ങൾ ഉൾപ്പെടെയുള്ള പൊതു ഇടങ്ങൾ എന്നിവ പരിപാടിക്കായി സജ്ജമാക്കേണ്ടതുമാണ്.
- സംസ്ഥാനത്തിന്റെ സാംസ്കാരിക, വൈവിധ്യം പ്രകടമാക്കുന്ന കലാപരിപാടികൾ (എല്ലാ വൈകുന്നേരങ്ങളിലും കേരളത്തിന്റെ കലാരൂപങ്ങൾ അവതരിപ്പിക്കണം. കലാ-സാംസ്കാരിക പരിപാടികൾ. ആ വേദിയിൽ കലാ-സാംസ്കാരിക രംഗത്തെ ഒരു പ്രമുഖ വ്യക്തിയെ പങ്കെടുപ്പിച്ച അഭിസംബോധന ചെയ്യാനും അനുഭവങ്ങൾ പങ്കുവയ്ക്കാനുമായി ക്ഷണിക്കാവുന്നതാണ്. പരിപാടിക്ക് കൃത്യമായ സമയനിഷ്ഠ പാലിക്കണമെന്നത് ഉറപ്പുവരുത്തേണ്ടതാണ്. ഭക്ഷണ വൈവിധ്യം വിളിച്ചോതുന്ന ഫുഡ് കോർട്ട് (ഭക്ഷ്യമേള, സമാന്തര സെഷനുകൾ, എന്റെ കേരളം പോലുള്ള വിപുലമായ പ്രദർശനം മുതലായവ പരിപാടിയുടെ ഭാഗമാക്കാവുന്നതാണ്.
- കേരളോത്സവത്തിന്റെ നടത്തിപ്പിന് ആവശ്യമായ പശ്ചാത്തല സൗകര്യത്തിനും ആവർത്തന ചെലവിനും ആവശ്യമായ തുക അതാത് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്ലാൻ വിഹിതത്തിൽ നിന്നും വഹിക്കേണ്ടതാണ്.